പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: *383</u>

<u>24.06.2019-ൽ മറുപടിയ്ക്ക്</u>

## <u>സാമൂഹിക പഠനമുറി പദ്ധതി</u>

<u>ചോദ്യം</u>

ശ്രീ.കെ.വി.വിജയദാസ്

ശ്രീ.ഒ. ആർ. കേളു

ശ്രീ.കെ. ബാബു

ശ്രീ.കാരാട്ട് റസാഖ്

<u>മറുപടി</u>

ശ്രീ.എ.കെ.ബാലൻ

(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി)

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | പട്ടികവർഗ്ഗക്കാരായ വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തുന്നതിന്റെ ഭാഗമായി ഊരുകളിൽ സാമൂഹിക പഠനമുറി എന്ന പേരിൽ പൊതുപഠന കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ടോ; | എ) | ഒരു പഠന കേന്ദ്രത്തിൽ ചുരുങ്ങിയത് 30 കുട്ടികൾക്കെങ്കിലും പ്രയോജനപ്പെടുംവിധം ഒന്നാം ക്ലാസ് മുതൽ ഉള്ള കുട്ടികൾക്ക് ഒരുമിച്ചിരുന്ന് പഠിക്കാൻ സൗകര്യപ്പെടുംവിധം സാമൂഹ്യ പഠന മുറി എന്ന പദ്ധതിയ്ക്ക് സർക്കാർ രൂപം കൊടുത്തിട്ടുണ്ട്. ഈ കേന്ദ്രത്തിൽ അഭ്യസ്തവിദ്യരായ ആ വിഭാഗത്തിൽപ്പെട്ട ഒരു ട്യൂട്ടറെ 1500 രൂപ ഓണറേറിയം നൽകി നിയമിക്കുന്നുണ്ട്. |
| ബി) | സാമൂഹിക പഠനമുറി പ്രവർത്തനം ഏതെല്ലാം ജില്ലകളിൽ ആണ് ആരംഭിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; | ബി) | സാമൂഹിക പഠനമുറി പദ്ധതി ആരംഭിച്ചിട്ടുള്ള ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു. |

| | |
|---|---|
| കാസറഗോഡ് | 5 |
| കണ്ണൂർ | 5 |
| വയനാട് | 25 |
| കോഴിക്കോട് | 3 |
| മലപ്പുറം | 7 |
| തൃശ്ശൂർ | 2 |
| പാലക്കാട് | 25 |
| എറണാകുളം | 3 |
| ഇടുക്കി | 15 |
| പത്തനംതിട്ട | 3 |
| കൊല്ലം | 2 |
| തിരുവനന്തപുരം | 5 |
| **ആകെ** | **100** |

| | | | |
|---|---|---|---|
| സി) | സാമൂഹിക പഠനമുറികൾ എത്ര കേന്ദ്രങ്ങളിൽ ആരംഭിക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നതെന്നും ഇത് കൂടുതൽ പ്രദേശങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ എന്നും അറിയിക്കുമോ? | സി) | ആകെ 500 സാമൂഹ്യ പഠനമുറികൾ സ്ഥാപിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. ഇതിൽ 100 സാമൂഹ്യ പഠനമുറികൾ 2017-18 സാമ്പത്തികവർഷം നടപ്പിലാക്കിയിട്ടുണ്ട്. അംബേദ്കർ സെറ്റിൽമെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തി 100 സാമൂഹ്യപഠനമുറികൾ നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. 2018-19 സാമ്പത്തികവർഷം 150 സാമൂഹ്യ പഠനമുറികൾ രണ്ടാംഘട്ടമെന്ന നിലയിൽ ആരംഭിക്കുന്നതിന് തീരുമാനിച്ചിരുന്നു. നിലവിൽ കെട്ടിട സൗകര്യമുള്ള കമ്മ്യൂണിറ്റി ഹാളുകൾ ഇതിനായി തെരഞ്ഞെടുത്തിട്ടുണ്ട്. കാസറഗോഡ് ജില്ലയിൽ 25 സാമൂഹ്യ പഠനമുറികളുടെ സിവിൽ വർക്കും ഇലക്ട്രിക്കൽ വർക്കും പൂർത്തീകരിച്ച് കമ്പ്യൂട്ടർ ഒഴികെയുള്ള അനുബന്ധ ഉപകരണങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. ബാക്കിയുള്ള 125 കമ്മ്യൂണിറ്റി ഹാളുകളിലും/കെട്ടിടങ്ങളിലും നവീകരണ പ്രവൃത്തി നടന്നു വരുന്നു. |

Hari

**സെക്ഷൻ ഓഫീസർ**